"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഗവ.അച്യുതൻ ഗേൾസ് ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപികയായ ശ്രീമതി സായിജ എം.ന് എതിരെയുള്ള അച്ചടക്ക നടപടി പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.10367/2025/GEDN തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-

1. കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 17/03/2021-ലെ ബി3-40788/2020/സം.തി.ക. നമ്പർ കത്ത്
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13/07/2021-ലെ വിബി3/236108/2021/ ഡിജിഇ(1) നമ്പർ കത്ത്
3. ശ്രീമതി സായിജ എം.ന് സർക്കാർ നൽകിയ 02/02/2024-ലെ പൊ.വി-ഡിഎ1/16/2023/പൊവിവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4. ശ്രീമതി സായിജ എം. സർക്കാരിൽ സമർപ്പിച്ച 04/04/2024-ലെ പ്രതിവാദ പത്രിക
5. 28/10/2024-ലെ സ.ഉ(സാധാ) നം.7707/2024/പൊ.വി.വ.
6. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 09/09/2025-ലെ ഡിജിഇ/20621/2023-വിബി3 നമ്പർ അന്വേഷണ റിപ്പോർട്ട്

**ഉത്തരവ്**

2020 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പിൽ കോഴിക്കോട് കോർപ്പറേഷൻ 59ാം വാർഡിൽ നിന്നും യു.ഡി.എഫ്. സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീമതി. ഉഷാദേവി ടീച്ചർക്ക് വേണ്ടി തിരഞ്ഞെടുപ്പ് പ്രചരണത്തിൽ പങ്കെടുത്തു പ്രവർത്തിച്ച ഗവ.അച്യുതൻ ഗേൾസ് ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപികയായ ശ്രീമതി.സായിജക്കെതിരെ മാതൃക പെരുമാറ്റചട്ടം ലംഘിച്ചതിനാൽ അച്ചടക്ക നടപടി സ്വീകരിക്കാൻ ബഹു.സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പരാമർശം (1) പ്രകാരം നിർദ്ദേശിക്കുകയുണ്ടായി. 31/03/2021-ന് വിരമിച്ച ടി ജീവനക്കാരിക്കെതിരെ വകുപ്പു തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കാൻ അധികാരമില്ലാത്തതിനാൽ സർക്കാർ തലത്തിൽ അച്ചടക്കനടപടി

സ്വീകരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) ശ്രീമതി സായിജ എം. ന്റെ ഭാഗത്തു നിന്നുണ്ടായ മേൽ വീഴ്ച മാതൃകാ ചട്ട ലംഘനമാണന്ന് സർക്കാർ കണ്ടെത്തിയതിനെ തുടർന്ന് ടിയാൾക്കെതിരെ കെഎസ്ആർ പാർട്ട് III ചട്ടം 59(ഡി) പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് ടിയാൾ പരാമർശം (4) പ്രകാരം പ്രതിവാദപത്രിക സമർപ്പിക്കുകയുണ്ടായി. ശ്രീമതി ഉഷാദേവി ടീച്ചർ ഗവ. അച്ചുതൻ ഗേൾസ് ഹൈസ്ക്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കായി വാർഡ് കൗൺസിലർ എന്ന നിലക്ക് 2015-20 കാലഘട്ടത്തിൽ ഫണ്ടുകളും സ്കൂളിൻ്റെ പ്രവർത്തനങ്ങളിൽ കൗൺസിലർ എന്ന നിലയിൽ സഹകരണവുമുണ്ടായിരുന്നു. ടിയാൾ 2020 ജനുവരി മാസത്തിൽ LSGD വകുപ്പിലേക്കും കോർപ്പറേഷന്റെ വിദ്യാഭ്യാസ സ്റ്റാന്റിംങ്ങ് കമ്മിറ്റിയിലേക്കും കൗൺസിലർമാർ തങ്ങളുടെ വാർഡുകളിലെ ഗവൺമെൻ്റ് വിദ്യാലയങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളും ആയതിൻ്റെ വിലയിരുത്തലിനുമായി LSGD വകുപ്പിലേക്കും കോർപ്പറേഷനിലേക്കും അയച്ചു നൽകുവാനായി പ്രധാന അധ്യാപിക എന്ന നിലയിൽ സ്കൂളിൽ നിന്ന് ഒരു വീഡിയോ എടുക്കുന്നതിൽ സഹകരിക്കണമെന്നും, കൗൺസിലർ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് പറയാനും തന്നോട് ആവശ്യപ്പെട്ടുവെന്നും സ്കൂളിന് തുടർന്നും കോർപ്പറേഷൻ ഫണ്ട് ലഭിക്കുന്നതിന് ഇത് അത്യാവശ്യമാണ് എന്ന് ബോധ്യപ്പെടുത്തിയതിൻ്റെ അടിസ്ഥാനത്തിൽ LSGD വകുപ്പിലേക്കും കോഴിക്കോട് കോർപ്പറേഷനിലേക്കും വിദ്യാഭ്യാസ സ്റ്റാൻ്റിങ്ങ് കമ്മിറ്റിയുടെ ഫണ്ട് അച്ചുതൻ ഗേൾസ് ഹൈസ്ക്കൂളിൽ ഉപയോഗിച്ചത് കാണിക്കുവാൻ വേണ്ടി മാത്രമാണ് വീഡിയോ നൽകിയതെന്നും ആയത് തെരഞ്ഞെടുപ്പ് പ്രചരണത്തിന് ഉപയോഗിച്ചത് തന്റെ അറിവോ സമ്മതമോ ഇല്ലാതെയാണെന്നും ടിയാൾ വ്യക്തമാക്കുകയുണ്ടായി. ചട്ട പ്രകാരം നടപടി തുടരുന്നതിന്റെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (ജനറൽ) നെ പരാമർശം (5) പ്രകാരം ചുമതലപ്പെടുത്തുകയുണ്ടായി.

3) 2020-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരെഞ്ഞടുപ്പുമായി ബന്ധപ്പെട്ട് കോഴിക്കോട് കോർപ്പറേഷൻ 59ാം വാർഡിൽ നിന്നും യുഡിഎഫ് സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീമതി ഉഷാദേവി ടീച്ചർക്ക് വോട്ടഭ്യർത്ഥിച്ചു കൊണ്ടും അവരുടെ ചിഹ്നം സഹിതം വീഡിയോ പ്രചരിപ്പിച്ചത് ശ്രീമതി സായിജ എം. ന്റെ അറിവോ സമ്മതമോ കൂടാതെയാണെന്ന് ബോധ്യപ്പെട്ടതായും, വോട്ട് അഭ്യർത്ഥിക്കുന്ന വീഡിയോ ലഭ്യമാകാത്തതിനാൽ ടി വിഷയം ശാസ്ത്രീയമായി തെളിയിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ലഭ്യമായ തെളിവുകളുടെയും, രേഖകളുടെയും, വാദങ്ങളുടെയും പശ്ചാത്തലത്തിൽ നടത്തിയ പരിശോധനയിൽ ടിയാൾക്ക്

സർക്കാർ നൽകിയ കാരണം കാണിക്കൽ നോട്ടീസിലെ ചാർജ് നിലനിൽക്കില്ലെന്നും പരാമർശം (6) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4)സർക്കാർ ഈ വിഷയം ശ്രീമതി.സായിജ.എം.യുടെ പ്രതിവാദ പത്രിക, നിലവിലുള്ള ചട്ടങ്ങൾ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം, ഔപചാരിക അന്വേഷണ റിപ്പോർട്ട്, എന്നിവയുടെ അടിസ്ഥനത്തിൽ വിശദമായി പരിശോധിച്ചു. 2020-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോഴിക്കോട് കോർപ്പറേഷൻ 59ാം വാർഡിൽ നിന്നും യുഡിഎഫ് സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീമതി.ഉഷാദേവി ടീച്ചർക്ക് വോട്ടഭ്യർത്ഥിച്ചു കൊണ്ടും അവരുടെ ചിഹ്നം പ്രദർശിപ്പിച്ചുകൊണ്ടും ശ്രീമതി. സായിജ എം. ന്റെ വീഡിയോ പ്രചരിപ്പിച്ചത് ടിയാളുടെ അറിവോ സമ്മതമോ കൂടാതെയാണെന്നും, ടി വിഷയം ശാസ്ത്രീയമായി തെളിയിക്കാൻ ലഭ്യമായ തെളിവുകളുടെയും, രേഖകളുടെയും അടിസ്ഥാനത്തിൽ കഴിഞ്ഞിട്ടില്ലെന്നതിനാൽ ടിയാൾക്ക് സർക്കാർ നൽകിയ കാരണം കാണിക്കൽ നോട്ടീസിലെ ചാർജ് നിലനിൽക്കില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയിരിക്കുന്ന സാഹചര്യത്തിൽ ഗവ.അച്യുതൻ ഗേൾസ് ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപികയായ ശ്രീമതി സായിജ എം.ന് എതിരെ കെ.എസ്.ആർ. ഭാഗം III റൂൾ 59 (ഡി) പ്രകാരം തുടർന്നു വന്നിരുന്ന അച്ചടക്ക നടപടി തുടർ നടപടി ഒഴിവാക്കി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥയ്ക്ക് (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
സെക്രട്ടറി, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&.ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (ഫയൽ നം.പൊവി-ഡിഎ1/16/2023/പൊവിവ.)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
സെക്ഷൻ ഓഫീസർ
Date: 20-12-2025 11:32:23

പകർപ്പ്. - ബഹു. പൊതുവിദ്യാഭ്യാസ വകപ്പ് മന്ത്രിയുടെ പ്രൈവറ്റ്

സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എയ്ക്ക്